**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് -ജയിലുകൾ- കൊറോണ വൈറസ് രണ്ടാം ഘട്ട വ്യാപനം തടയുന്നതിനായി തടവുകാർക്ക് 06.09.2021 വരെ അനുവദിച്ച പ്രത്യേക അവധി 21.09.2021 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2391/2021/ആഭ്യന്തരം തീയതി,തിരുവനന്തപുരം, 06/09/2021

---

പരാമർശം:-

1. 05.05.2021 ലെ സ.ഉ.(സാധാ) നം. 1311/2021/ആഭ്യന്തരം
2. സുവോമോട്ടു റിട്ട് പെറ്റീഷൻ (സി) നം. 01/2020 ഹർജിയിലെ ബഹു. സുപ്രീംകോടതിയുടെ 07.05.2021 ലെ ഉത്തരവ്.
3. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 09.05.2021- ലെ WP1-7325/2020/PrHQ നമ്പർ നടപടിക്രമം
4. 16.05.2021-ലെ സ.ഉ.(സാധാ) നം. 1401/2021/ആഭ്യന്തരം
5. 06.08.2021-ലെ സ.ഉ.(സാധാ) നം. 2200/2021/ആഭ്യന്തരം.
6. 23.08.2021 ലെ സ.ഉ.(സാധാ) നം. 2303/2021/ആഭ്യന്തരം.
7. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 04.09.2021- ലെ WP2-5292/2019/PrHQ നമ്പർ കത്ത്.

**ഉത്തരവ്**

കൊറോണ വൈറസ് വ്യാപനത്തിന്റെ രണ്ടാം ഘട്ടം തടയുന്നതിനായി തടവുകാർക്ക് അവധി അനുവദിക്കുന്ന വിഷയം 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിന്റെ സെക്ഷൻ 20 (1) പ്രകാരം രൂപീകരിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി പരിഗണിക്കുകയും സൂചന (1) ഉത്തരവ് പ്രകാരം യോഗ്യതയുള്ള തടവുകാർക്ക് രണ്ട് ആഴ്ചത്തെ അവധി അനുവദിക്കുകയും ചെയ്തു. പരാമർശം (2) പ്രകാരമുള്ള ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അവധി 90 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2. ബഹു. സുപ്രീംകോടതിയുടെയും ഹൈ പവേർഡ് കമ്മിറ്റിയുടേയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ പ്രകാരം വിവിധ വിഭാഗങ്ങളിൽപ്പെട്ട തടവുകാർക്ക് 90 ദിവസത്തെ പരോൾ അനുവദിച്ച് നൽകിയ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ നടപടിയും പരാമർശം (1) ലെ ഉത്തരവ് അനുസരിച്ച് രണ്ടാഴ്ചത്തെ അവധിയിൽ പ്രവേശിച്ച 568 തടവുകാർക്ക് കൂടി ബഹു. സുപ്രീംകോടതി ഉത്തരവനുസരിച്ചുള്ള 90 ദിവസത്തെ പരോൾ ബാധകമാക്കിയ നടപടിയും സാധൂകരിച്ചുകൊണ്ടും സാധാരണ അവധി നൽകാനായി ജയിൽ ഉപദേശക സമിതി ശുപാർശ ചെയ്ത് സർക്കാർ ഉത്തരവിനായി സമർപ്പിച്ചിട്ടുള്ള തടവുകാർക്കും മുമ്പ് അവധിയിൽ ഇറങ്ങിയ ഘട്ടത്തിലുണ്ടായ ഓവർസ്റ്റേയൽ റെഗുലറൈസ് ചെയ്യാനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള തടവുകാർക്കും കൂടി ബഹു. സുപ്രീംകോടതി ഉത്തരവനുസരിച്ചുള്ള പരോൾ അനുവദിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന് അനുമതി

നൽകികൊണ്ടും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

3. കൊറോണ വൈറസ് വ്യാപനത്തിന്റെ രണ്ടാം ഘട്ടം രൂക്ഷമായി തുടരുന്നതിനാലും ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ചൂണ്ടിക്കാണിച്ച ഗൗരവതരമായ സാഹചര്യം പരിഗണിച്ച് മുമ്പ് പ്രത്യേക അവധി അനുവദിക്കുന്നതിന് അർഹത നിർണ്ണയിക്കുന്നതിന് സ്വീകരിച്ച അതേ വ്യവസ്ഥകൾ അനുസരിച്ച് അർഹത നേടിയ തടവുകാർക്ക് 23.08.2021- വരെ അവധി അനുവദിച്ചുകൊണ്ടും നിലവിൽ അവധിയിൽ കഴിയുന്ന തടവുകാർക്ക് 23.08.2021 വരെ അവധി ദീർഘിപ്പിച്ചുകൊണ്ടും പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ഇപ്രകാരം 23.8.2021 വരെ അനുവദിച്ച പ്രത്യേക അവധി 6.09.2021 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം(6) പ്രകാരവും ഉത്തരവായിട്ടുണ്ട്.

4.കൊറോണ വൈറസ് രണ്ടാം ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് പ്രത്യേകാവധി അനുവദിച്ച കാലയളവിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനേക്കാൾ നിലവിൽ സംസ്ഥാനത്തെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് വളരെയേറെ ഉയർന്നുനിൽക്കുന്നതിനാലും കോവിഡ് രോഗികളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചുവരുന്നതിനാലും , ജയിലുകളിൽ കോവിഡ് രോഗവ്യാപനം പൂർണ്ണമായും നിയന്ത്രണ വിധേയമാകാത്തിനാലും , കോവിഡ് മൂന്നാം ഘട്ട വ്യാപന ഭീഷണി നിലനിൽക്കുന്നതിനാലും കൊറോണ പ്രത്യേകാവധിയിൽ പുറത്തുനിൽക്കുന്ന തടവുകാരുടെ അവധി നീട്ടുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശം(7)പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അഭ്യർത്ഥിച്ചിട്ടുണ്ട്.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ച് കോവിഡ് രോഗവ്യാപനവുമായി ബന്ധപ്പെട്ട് വിവിധ ഉത്തരവുകളിലൂടെ പ്രത്യേക അവധിയിൽ പുറത്ത് നിൽക്കുന്ന തടവുകാർക്ക് 6.09.2021 വരെ അനുവദിച്ചിട്ടുള്ള അവധി 21.09.2021 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ ഷീലാറാണി

സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി(പ്രസ് റിലീസിനും ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Jijimon.r
Date: 06-09-2021 12:49:28
Reason: Approved

സെക്ഷൻ ഓഫീസർ